## പതിനൊന്നാം ധനകാര്യ കമ്മിഷന്റെ സംസ്ഥാന സന്ദർശനം

**2 (334)** ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിച്ച് ചർച്ചകൾ നടത്തുകയുണ്ടായോ;

(ബി) അപ്പോൾ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഭീമമായ റവന്യൂ കമ്മിയുടെ വിവരം കമ്മിഷനെ അറിയിച്ചുവോ;

(സി) ഇക്കാര്യത്തിൽ കമ്മിഷന് ലഭ്യമാക്കിയ കണക്കിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ചർച്ചകൾ നടത്തി.

(ബി) അറിയിച്ചു.

(സി) ലഭ്യമാക്കാം. കോപ്പി അടക്കം ചെയ്യുന്നു.+

## പദ്ധതി അടങ്കൽത്തുക

**3 (335)** ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-2001 ലെ പദ്ധതി അടങ്കൽത്തുക എത്രകോടി രൂപ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്രകോടി കേന്ദ്രവിഹിതം എന്ന് വ്യക്തമാക്കുമോ;

(സി) 2000 നവംബർ 30-ാം തീയതി വരെ പദ്ധതി ഇനത്തിൽ എത്ര കോടി ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) 2000-2001 പദ്ധതി അടങ്കൽ പൂർണ്ണമായി ചെലവഴിക്കാൻ കഴി യുമോ;

(ഇ) 2000-2001 സാമ്പത്തിക വർഷത്തിൽ നവംബർ 30 വരെ എത്ര കോടി രൂപ റവന്യൂ വരുമാനമായി പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാ ക്കാമോ;

(എഫ്) പ്രസ്തുത സാമ്പത്തിക വർഷത്തിൽ നവംബർ 30-ാം തീയതി വരെ റവന്യൂ ഇനത്തിൽ എത്ര കോടി ചെലവായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3535 കോടി രൂപ.

(ബി) 736.63 കോടി രൂപ.

(സി) താൽക്കാലിക കണക്കനുസരിച്ച് 2000 നവംബർ 30-ാം തീയതി വരെ 1452.56 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

---

+ അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ)&(എഫ്)കണക്ക് എ.ജിയിൽ നിന്നും കിട്ടിയിട്ടില്ല.

## റവന്യൂ വരുമാനം

4 (336) ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ പ്രതീക്ഷിത റവന്യൂ വരുമാനം എത്രയാണ്;

(ബി) ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ എത്ര ശതമാനം കൂടുതലാണ്;

(സി) നാളിതുവരെ നടപ്പ് സാമ്പത്തിക വർഷം സർക്കാരിന് ലഭിച്ച റവന്യൂ വരുമാനം എത്ര;

(ഡി) ഇതിന്റെ വാണിജ്യനികുതി എത്ര; കാർഷികാദായ നികുതി, ഭാഗ്യക്കുറി വിൽപ്പനയിലൂടെ ലഭിച്ച ആദായം, സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിച്ച വരുമാനം, എക്സൈസ് നികുതി എന്നിവ എത്ര;

(ഇ) പ്രതീക്ഷിത വരുമാനത്തേക്കാൾ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത് ഏത് മേഖലകളിലൊക്കെയാണ് എന്നത് വ്യക്തമാക്കുമോ;

(എഫ്) ഇതിനുള്ള കാരണമെന്താണ്;

(ജി) ഇതിനു പരിഹാരം കാണാൻ എന്തു മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്?

### ഉത്തരം

(എ) 10170.35 കോടി രൂപ.

(ബി) 28.06 ശതമാനം

(സി) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 30.9.2000 ൽ 3424.83 കോടി രൂപയാണ്.

| (ഡി) (താൽക്കാലിക കണക്ക്) | (രൂപ കോടിയിൽ) |
|---|---|
| വാണിജ്യ നികുതി | 1796.28 |
| കാർഷികാദായ നികുതി | 0.89 |
| ഭാഗ്യക്കുറി വിൽപ്പന | 61.37 |
| സ്റ്റാമ്പ് ഡ്യൂട്ടി | 193.71 |
| എക്സൈസ് | 318.99 |

(ഇ) കാർഷികാദായ നികുതി, മോട്ടോർ വെഹിക്കിൾ നികുതി, ഭാഗ്യക്കുറി വിൽപ്പന, സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ, എക്സൈസ്, വനംവകുപ്പിൽ നിന്നുള്ള വരുമാനം എന്നിവയിലാണ്.

(എഫ്) കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവും പൊതുവായ സാമ്പത്തിക മാന്ദ്യവുമാണ് ഇതിനുള്ള കാരണങ്ങൾ.

(ജി) കുടിശ്ശിക ഉൾപ്പെടെയുള്ള നികുതിപിരിവ് ഊർജ്ജിതപ്പെടുത്താൻ സംസ്ഥാനത്തെ പല മേഖലകളായി തിരിച്ച് ഓരോ മേഖലയും സീനിയർ ഐ.

LIBRARY ARCHIVES Kerala Legislative Assembly